പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 759 — 29.10.2019 -ൽ മറുപടിയ്ക്ക്

## മൂന്നാറിൽ ട്രെയിൻ സംവിധാനം പുനരാവിഷ്കരിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.രാജേന്ദ്രൻ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം മേഖലയിൽ മൂന്നാറിൽ മുൻപുണ്ടായിരുന്ന ട്രെയിൻ സംവിധാനം പുനരാവിഷ്കരിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ മൂന്നാർ ടൂറിസം ട്രെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തീരുമാനം തത്വത്തിൽ കൈക്കൊണ്ടിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾക്കായി 07.06.2019 ന് ചേർന്ന യോഗത്തിൽ പൊതു സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്ഥലം റവന്യൂ, ടൂറിസം, ടാറ്റ, റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കെ.ടി.ഐ.എൽ എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു സംഘം സന്ദർശിച്ച് റിപ്പോർട്ട് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും അവശേഷിക്കുന്ന നടപടികളും വിശദമാക്കാമോ? | പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ഭൂമി നിലവിൽ ടാറ്റ ഗ്രൂപ്പ്/കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് ലിമിറ്റഡ്-ന്റെ കൈവശമായതിനാൽ പദ്ധതിയിൽ പങ്കാളിയാകുവാനുള്ള അവരുടെ താത്പര്യം അറിയിക്കുവാനും ആവശ്യപ്പെട്ടിരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനായി ടൂറിസം ഡയറക്ടർ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ